വിവരാവകാശം - മറുപടി

നം : E.8/22656/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 15..06..2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.

ശ്രീ.സുമേഷ് സോമൻ,
സാബു സദനം,
പുലികുന്ന്,
കൂടശ്ശനാട്.പി.ഒ.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - വിവരാവകാശനിയമ പ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന :- 30.05.2017 തീയതിയിലെ അപേക്ഷ

സൂചന അപേക്ഷയിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിൽ മെയിൽ കെയർ ടേക്കറുടെ 49-ഉം ഫീമെയിൽ കെയർ ടേക്കറുടെ 39-ഉം തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

2. കെയർ ടേക്കർ (മെയിൽ) തസ്തികയുടെ നാല് ഒഴിവുകൾ നിലവിലുണ്ട്.

ഒബ്സർവേഷൻ ഹോം, പത്തനംതിട്ട - 1
ചിൽഡ്രൻസ് ഹോം, കോട്ടയം - 3

കെയർ ടേക്കർ തസ്തികയിൽ സംസ്ഥാനതലത്തിൽ നിയമനം, സ്ഥലംമാറ്റം എന്നിവ നടത്തുന്നതിനാൽ, ടി ഒഴിവുകൾ മറ്റു സ്ഥാപനങ്ങൾ/ജില്ലകളിലേയ്ക്ക് മാറ്റപ്പെടുന്നതാണ്.

3. 01.01.2010-ന് ശേഷം 9 മെയിൽ കെയർ ടേക്കർമാർക്കും 9 ഫീമെയിൽ കെയർ ടേക്കർമാർക്കും പ്രമോഷൻ ലഭിച്ചിട്ടുണ്ട്.

4. മെയിൽ കെയർ ടേക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരു ജീവനക്കാരൻ മരണപ്പെട്ടിട്ടുണ്ട്.

5. കെയർ ടേക്കർ (മെയിൽ) തസ്തികയിലെ ഒരു ജീവനക്കാരൻ സർവ്വീസിൽ നിന്നും രാജി വച്ചിട്ടുണ്ട്.

6. 10.1.2010ന് ശേഷം 4 ഒഴിവുകൾ, പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(വകുപ്പിൽ നിലവിൽ 49 മെയിൽ കെയർ ടേക്കർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ രണ്ട് തസ്തികകൾ, തൊടുപുഴ ഒബ്സർവേഷൻ

Aj.

ഹോമിലേയ്ക്ക് അനുവദിച്ചിട്ടുള്ളവയാണ്. ടി സ്ഥാപനം നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ നിലവിൽ 47 മെയിൽ കെയർ ടേക്കർ തസ്തികകളിലാണ് നിയമനം നടത്തുന്നത്. നിലവിൽ 43 മെയിൽ കെയർ ടേക്കർമാർ വകുപ്പിൽ സേവനമനുഷ്ഠിച്ചുവരുന്നു. ശേഷിക്കുന്ന നാല് ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്)

7. 10.08.2010ലെ G.O(P)No.54/2010/SWD പ്രകാരമുള്ള വകുപ്പിലെ സ്പെഷ്യൽ റൂൾസിൽ വകുപ്പിൽ മെയിൽ അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 3:1 (Direct : by promotion) എന്ന അനുപാതത്തിൽ സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്.

8. ആർക്കും പ്രൊമോഷൻ അനുവദിച്ചിട്ടില്ല.

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ മറുപടി ലഭ്യമായി 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ എന്ന മേൽവിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

എസ്.എൽ.ശ്യാം ശങ്കർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്